1. കൈനൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - 6.40 ലക്ഷം.

2. കൂട്ടാല ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - 7.75 "

(ഈ പദ്ധതികൾക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.)

വടകര മണ്ഡലത്തിൽ പാക്കയിൽ കുടിവെള്ളപദ്ധതി

165 (179) ശ്രീ. എം. കെ. പ്രേംനാഥ് : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ.-മാർക്ക് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച ഒരു കോടി രൂപയിൽ വടകര മണ്ഡലത്തിൽ പാക്കയിൽ കുടിവെള്ള പദ്ധതിക്ക് നീക്കിവച്ച അറുപത് ലക്ഷം രൂപയുടെ പദ്ധതിയുടെ പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ?

ഉത്തരം

പാക്കയിൽ കുടിവെള്ളപദ്ധതിക്ക് ഇതുവരെയും ഭരണാനുമതി നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് ഭരണാനുമതി പുറപ്പെടുവിക്കേണ്ടത് ജലവിഭവ വകുപ്പിൽ നിന്നാണ്. ഇത് സംബന്ധിച്ച വ്യക്തമായ പ്രൊപ്പോസൽ പ്രസ്തുത വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഒരു തീരുമാനം എടുക്കുന്നതാണ്.

ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം

166 (180) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴിക്കാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം നടപ്പാക്കാൻ കേന്ദ്രത്തിൽനിന്നും സർക്കാർ എന്തെങ്കിലും തുക വായ്പയായി ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര കോടി ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ശമ്പളപരിഷ്ക്കരണം നടപ്പാക്കുന്നതുവഴി ഖജനാവിന് എത്ര കോടി രൂപയുടെ ബാധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന ദീവനക്കാരുടെ ശമ്പളപരിഷ്ക്കരണം നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യത നേരിടാൻ സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ (ജി.എസ്.ഡി.പി.) 3.5 ശതമാനത്തിൽനിന്നും 4 ശതമാനമാക്കി ഉയർത്തി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ പ്രതികരണം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly